V. M. Sudheeran

GRA-777, Goureesapattom
Pattom Palace P.O.
Thiruvananthapuram 4
Mob: 094471 03999

05.09.2019

പ്രിയപ്പെട്ട പ്രൊഫ. രവീന്ദ്രനാഥ്,

അധ്യാപക ദിനമായ ഇന്നേദിവസം ഇപ്രകാരം എഴുതേണ്ടി വന്നതിൽ അതിയായ ദുഃഖമുണ്ട്.

പട്ടാമ്പി വിദ്യാഭ്യാസ ഉപജില്ലയിലെ കുളമുക്ക് എ.എൽ.പി സ്കൂൾ അധ്യാപകനായ എം.പി പ്രശാന്തിനെ ബാലിശമായ കാരണങ്ങളുടെ പേരിൽ പിരിച്ചുവിട്ട സ്കൂൾ മാനേജരുടെ തെറ്റായ നടപടിയെ അധ്യാപകൻ കൂടിയായ താങ്കൾ നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചതിന് യാതൊരു ന്യായീകരണവുമില്ല.

1959ലെ കേരള വിദ്യാഭ്യാസ ചട്ടം നിലവിൽ വന്നതിനുശേഷം ഇത്തരമൊരു നടപടിക്ക് ആദ്യമായിട്ടാണ് സർക്കാർ പച്ചക്കൊടി കാണിക്കുന്നത്. ഒരു അധ്യാപകനെ പിരിച്ചു വിട്ടാൽ തുടർന്നു വരുന്ന ഒഴിവിലേക്കുള്ള നിയമനത്തിനായി കൈയിലേക്ക് വരുന്ന ലക്ഷങ്ങളാണ് മാനേജരുടെ ഈ നടപടിക്ക് പ്രേരകമായത്. ഇതിൻറെയെല്ലാം വിഹിതം പറ്റുന്ന ചില ഭരണകക്ഷി പ്രാദേശിക നേതാക്കളുടെ പിന്തുണയും ഇക്കാര്യത്തിൽ ഉണ്ട്.

ഏറെക്കാലത്തെ നിരന്തര പോരാട്ടങ്ങളുടെ ഫലമായി അധ്യാപക സമൂഹം നേടിയെടുത്ത അവകാശത്തെ ചവിട്ടി മെതിച്ചു കൊണ്ട് അത്യാർത്തിയോടെ ഒരു മാനേജർ കച്ചവടക്കണ്ണോടെ നടത്തിയ ഈ ദുഷ്കൃത്യത്തിന് സംരക്ഷണം നൽകുന്ന സർക്കാർ നടപടി കേരളത്തിന് തീരാകളങ്കമാണ് വരുത്തിയത്.

ഈ ഹീനമായ നടപടിക്കെതിരെ അധ്യാപക ദിനാഘോഷങ്ങൾ ബഹിഷ്കരിക്കാൻ നിർബന്ധിതരായ അധ്യാപക സമൂഹം കെ പി എസ് ടി എ യുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ ഇന്നേദിവസം ഉപവാസ സമരം നടത്തുകയാണ്.

ന്യായമായ ഈ സമരത്തെ നീതിബോധമുള്ള ഏവരും അനുകൂലിക്കുമെന്നതിൽ സംശയമില്ല.

നവോത്ഥാനത്തെ കുറിച്ച് ഏറെ പറയുന്ന മന്ത്രിമാർ ഉൾക്കൊള്ളുന്ന ഈ മന്ത്രിസഭയുടെ കാലത്ത് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ വീണ്ടും പുറകോട്ടടിക്കുന്ന ഇത്തരം നടപടിയിൽ നിന്നും സർക്കാർ പിന്തിരിയണം.

കുളമുക്ക് സ്കൂൾ മാനേജരുടെ ദുഷ്കൃത്യം റദ്ദാക്കി എം പി പ്രശാന്ത് മാഷെ ജോലിയിൽ തിരിച്ചെടുക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എൻറെ അഭ്യർത്ഥന.

സ്നേഹപൂർവ്വം

വി.എം.സുധീരൻ

പ്രൊഫ. സി രവീന്ദ്രനാഥ്
ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രി